കനകമല-മാടായിക്കോണം റോഡ്

449 [641] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ കനകമല-മാടായിക്കോണം ഭാഗത്തുള്ള പൊതുമരാമത്ത് വക പാലം തകർന്നുവീണ് ഗതാഗതയോഗ്യമല്ലാതായിതീർന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് പുതുക്കി പണിയാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) മേല്പറഞ്ഞ പാലം ഉടൻ പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലം പുതുക്കി പണിയാൻ ട്രയൽബോറിംഗ് ഉൾപ്പെടെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ട്. ഇക്കാര്യം ത്വരിതപ്പെടുത്തുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) പാലം പുതുക്കിപ്പണിയുന്നതിനു വിശദമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനാൽ പാലം പണി ഉടനെ ഏറ്റെടുത്തു നടത്തുവാൻ നിർവാഹമില്ല.

ചാലച്ചിറ തോടിന് കുറുകെയുള്ള പാലം

450 [642] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചാലച്ചിറതോടിന് കുറുകെയുള്ള പാലം അപകടത്തിലായിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം പൂർണ്ണമായി പുതുക്കി പണിയുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പാലം അപകട നിലയിലല്ലാത്തതിനാൽ അത് പൂർണ്ണമായി പുതുക്കിപ്പണിയുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

അഡൂർ പുഴയ്ക്ക് പള്ളംഗോഡ് എന്ന സ്ഥലത്തെ പാലം പണി

451 [643] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ദേലംപാടി പഞ്ചായത്തിൽ അഡൂർ പുഴയ്ക്ക് പള്ളംഗോഡ് എന്ന സ്ഥലത്ത് പാലം പണിയുന്നതിന് നടപടി എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പാലം പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly